**വിഷയം:- സ്കൂൾ ഉച്ചഭക്ഷണ പദ്ധതി- നവംബർ മാസത്തെ ഭക്ഷ്യ ഭദ്രതാ അലവൻസ് വിതരണം-സ്കൂളുകളിൽ ഹാജരാകാത്ത കുട്ടികൾക്ക് ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നത്- നിർദ്ദേശങ്ങൾ നൽകുന്നത്-സംബന്ധിച്ച്**

**സൂചന:- ഈ കാര്യാലയത്തിലെ 22.10.2021 തീയ്യതിയിലെ പരിപത്രം നമ്പർ എൻ.എം.എ(1)-11038/2021/ഡി.ജി.ഇ**

**സൂചന പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ പ്രഥമാദ്ധ്യപകർക്കുള്ള നിർദ്ദേശങ്ങൾ എന്ന വിഭാഗത്തിലെ പൊതുനിർദ്ദേശങ്ങൾ എന്ന ഉപവിഭാഗത്തിൽ ഏഴാമതായി നൽകിയിരുന്ന നിർദ്ദേശത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.**

ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണഭോക്താക്കളായ കുട്ടികൾക്ക്, ഭക്ഷ്യഭദ്രതാ അലവസിന്റെ ഭാഗമായി, നവംബർ മാസം അവർ ഹാജരാകാത്ത സ്കൂൾ പ്രവർത്തിദിവസങ്ങളിലേക്കുള്ള അരി **ഡിസംബർ 3 നുള്ളിൽ** വിതരണം ചെയ്യുവാൻ പദ്ധതിയുടെ പരിധിയിൽ വരുന്ന എല്ലാ സ്കൂളുകൾക്കും ഉപജില്ലാ വിദ്യാഭ്യാസ കാര്യാലയങ്ങൾ മുഖാന്തിരം ഡി.ഡി.ഇ മാർ അടിയന്തിര നിർദ്ദേശം നൽകേണ്ടതാണ്. പ്രീ-പ്രൈമറിക്ക് 30 ഗ്രാം, പ്രൈമറിക്ക് 100 ഗ്രാം, അപ്പർ പ്രൈമറിക്ക് 150 ഗ്രാം എന്നീ നിരക്കുകളിലാണ് അരി വിതരണം ചെയ്യേണ്ടത്. ഹാജരാകാത്ത ദിവസങ്ങൾ എന്നതിൽ ബാച്ച് ക്രമീകരണത്തിന്റെ അടിസ്ഥാനത്തിൽ സ്കൂളിൽ വരേണ്ടതില്ലാത്ത ദിവസങ്ങൾ, മറ്റെന്തെങ്കിലും കാരണത്താൽ സ്കൂളിൽ ഹാജരാകുവാൻ സാധിക്കാത്ത ദിവസങ്ങൾ, കനത്ത മഴ മുന്നറിയിപ്പ് കണക്കിലെടുത്ത് സ്കൂളിന് അവധി പ്രഖ്യാപിച്ച ദിവസങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ്.

വിതരണം ചെയ്ത അരിയുടെ വിവരങ്ങൾ (അക്വിറ്റൻസ് ഉൾപ്പെടെ) ആവശ്യമായ സാക്ഷ്യപ്പെടുത്തലോടെ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുവാൻ സ്കൂളുകൾക്ക് നിർദ്ദേശം നൽകേണ്ടതാണ്. ഭക്ഷ്യ ഭദ്രതാ അലവസിന്റെ ഭാഗമായി വിതരണം ചെയ്യുന്ന അരിയുടെ (നവംബർ മാസം മുതൽക്കുള്ള) വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള provision പദ്ധതിയുടെ സ്റ്റേറ്റ് സോഫ്റ്റ്‌വെയറിൽ ഉടൻ തന്നെ നൽകുന്നതാണ്. ഭക്ഷ്യഭദ്രതാ അലവൻസിന്റെ ഭാഗമായി വിതരണം ചെയ്ത അരി കൂടി കുറവ് ചെയ്തു കൊണ്ടുള്ള ബാലൻസ് വേണം നവംബർ മാസത്തെ physical balance ആയി സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുവാൻ. വിതരണം ചെയ്ത അരിയുടെ ക്ലാസ് വൈസ് വിവരങ്ങൾ രേഖപ്പെടുത്തിയ സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് കെ.2 രജിസ്റ്റർ, എൻ.എം.പി -1 ഫോറം എന്നിവയ്ക്കൊപ്പം ഉപജില്ലാ കാര്യാലയങ്ങളിൽ സമർപ്പിക്കുവാൻ പ്രഥമാദ്ധ്യാപകർക്ക് നിർദ്ദേശം നൽകേണ്ടതാണ്. നവംബർ മാസത്തെ കെ.2 രജിസ്റ്ററിൽ, അവസാനത്തെ entry യ്ക്ക് ശേഷം ഭക്ഷ്യഭദ്രതാ അലവൻസിന്റെ ഭാഗമായി വിതരണം ചെയ്ത അരിയുടെ അളവ് എഴുതി ചേർക്കുകയും net ബാലൻസ് കൃത്യമായി രേഖപ്പെടുത്തി പ്രഥമാദ്ധ്യാപകൻ/പ്രഥമാദ്ധ്യാപിക സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

എട്ടാം ക്ലാസ്സിലെ കുട്ടികൾക്ക് ഓഫ്‌ലൈൻ ക്ലാസുകൾ ആരംഭിച്ചത് നവംബർ രണ്ടാമത്തെ ആഴ്ച മുതലാണെങ്കിലും നവംബർ ഒന്ന് മുതലുള്ള സ്കൂൾ പ്രവർത്തിദിവസങ്ങൾ കണക്കാക്കി വേണം ഭക്ഷ്യഭദ്രതാ അലവൻസിന്റെ ഭാഗമായുള്ള അരി വിതരണം ചെയ്യേണ്ടത്. നവംബർ മാസത്തെ പദ്ധതി നടത്തിപ്പിനായി കൈപ്പറ്റിയ അരി 15.12.2021 ന് മുൻപായി ഗുണഭോക്താക്കളായ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സ്പെഷ്യൽ സ്കൂളുകൾക്ക് നിർദ്ദേശം നൽകേണ്ടതാണ്. കുട്ടികളുടെ രക്ഷിതാക്കൾക്കാണ് അരി വിതരണം ചെയ്യേണ്ടത്. വിതരണം ചെയ്ത അരിയുടെ വിവരങ്ങൾ (അക്വിറ്റൻസ് ഉൾപ്പടെ) ടി സ്കൂളുകൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**ഒപ്പ്/-**
**സി എ സന്തോഷ്**
**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)**